(എ) മൂവാറ്റുപുഴ ആറ്റിന്റെ തീരത്തുള്ള നിലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിമൂലം കൃഷി വികസിപ്പിക്കുന്നതിനു വല്ല നടപടികളും ഗവണ്മെന്റ് എടുത്തിട്ടുണ്ടോ എന്നു പറയുവാൻ മേയുണ്ടാകുമോ?

(ബി) മൂവാറ്റുപുഴ മുതൽ പിറവംവരെ ഇലക്ട്രിക്ക് ലൈൻ നദീതീരത്തുകൂടി നിട്ടുന്നപക്ഷം ഏ ക ദേ ശം ഏക്കർ നിലം ഇങ്ങിപ്പു കൃഷിചെയ്യുവാൻ സാധിക്കുമെന്ന് ഇറിഗേഷൻ മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH: (a) Yes.

(b) No. It is reported that 1360 acres will be benefited.

കടിയിറക്ക്.

578. MR. A. V. JOSEPH (*Kunnathunad I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

ജന്മികൾ തങ്ങളുടെ കുടിയാന്മാരെ കുടിയിറക്കുന്നതായും യാതൊരുകാരണവുംകൂടാതെ പാട്ടവസ്തുക്കൾ ബലമായി ഒഴിപ്പിച്ചു വരുന്നതായും ഗവണ്മെന്റിനറിയാമോ?

ഉണ്ടെങ്കിൽ അതിനെ തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഇല്ലെങ്കിൽ ഇതിനെ തടയുന്നതിനു വേണ്ടത് ഉടൻ ചെയ്യുവാൻ മേയുണ്ടാകുമോ?

HON'BLE MR. C. KESAVAN: No.

ചാലുകളിൽ നിന്നുള്ള മത്സ്യബന്ധനം.

579. MR. WILSON PETER (*Shertallai III—Latin Catholic Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: ഫിഷറി ഡിപ്പാർട്ടുമെന്റിന്റെ ചാർജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

(എ) ചേർത്തലത്താലൂക്കിലുള്ള പുറംപോക്കിലുള്ള കരിക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാമമാത്രമായ തുകകൾക്ക് സ്ഥിരപാട്ടമായി കൊടുത്തിട്ടുള്ളതുകാണ്ട് ഈ ചാലുകളിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ദാരുണമായ ചൂഷണത്തിനു വിധേയരായി കഴിയുന്നു എന്നുള്ളതു ബഹു: മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) അപ്രകാരമുള്ള ചാലുകളിൽനിന്നുള്ള മത്സ്യബന്ധനം ഫിഷറിഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ ഗവണ്മെന്റു നിരക്കുൻസരിച്ച് തൊഴിലാളികൾക്ക് പാസുകൊടുത്തു നടത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ മേയുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly